# കേരള കാർഷിക സർവ്വകലാശാല
## കാർഷിക കോളേജ്, പടന്നക്കാട് പി.ഒ.,
കാസറഗോഡ് ജില്ല, പിൻ: 671314, കേരളം

ഫോൺ: 91 467 2282699, 91 467 2280616, ഫാക്സ്: 91 467 2284099,
E-mail: coapad@kau.in


നം. ജി.2- 4578/2021 തീയതി : 13.10.2021

## ദർഘാസ് പരസ്യം

പടന്നക്കാട് കാർഷിക കോളേജിന് കീഴിലുള്ള ഇൻസ്ട്രക്ഷണൽ ഫാം 2 (കരുവാച്ചേരി)-ലെ പ്രധാന കെട്ടിടം, ഫാം ഓഫീസ്, ഗസ്റ്റ് ഹൗസ് എന്നിവ അടിച്ചുവാരി വൃത്തിയാക്കകയും, ടോയ്‌ലറ്റുകളും കുളിമുറിയും വാഷ്ബേസിനുകളും കഴുകി വൃത്തിയാക്കുകയും ചെയ്യുന്ന ജോലി ഏറ്റെടുക്കാൻ താൽപര്യമുള്ളവരിൽ നിന്നും സീൽ ചെയ്ത കവറിൽ ദർഘാസുകൾ ക്ഷണിച്ച് കൊള്ളുന്നു. ദർഘാസ് സ്വീകരിക്കുന്ന തീയ്യതി മുതൽ ഒരു വർഷത്തേക്കായിരിക്കും കാലാവധി.

ദർഘാസുകൾ ഡീൻ, കാർഷിക കോളേജ് പടന്നക്കാട് എന്ന വിലാസത്തിൽ 27.10.2021ന് വൈകുന്നേരം 3 മണിക്ക് മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്. ദർഘാസിനൊപ്പം 600/- രൂപ നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതാണ്. ദർഘാസുകൾ ഹാജരായ ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തന്നെ തുറന്ന് പരിശോധിക്കുന്നതാണ്. സ്വീകരിക്കപ്പെടുന്ന ദർഘാസ് സമർപ്പിച്ചയാൾ അന്നേ ദിവസം തന്നെ വൈകുന്നേരം 3.30 മണിക്ക് 200/- രൂപ മുദ്രപത്രത്തിൽ ഒരു കരാർ നിർദ്ദിഷ്ട മാതൃകയിൽ എഴുതി നൽകേണ്ടതാണ്. കൂടാതെ ഒരു വർഷത്തേക്കുള്ള മൊത്തം കരാർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി അടക്കേണ്ടതാണ്. സർക്കാർ നിബന്ധനകളെല്ലാം ഇതിന് ബാധകമാണ്.

ആഴ്ചയിൽ എല്ലാ ദിവസങ്ങളിലും (പൊതു അവധി ദിവസങ്ങളിലൊഴികെ) എല്ലാ ടോയ്‌ലറ്റുകളും കുളിമുറികളും വാഷ്ബേസിനുകളും കഴുകി വൃത്തിയാക്കിയിരിക്കണം. കഴുകുന്നതിന് ആവശ്യമായ സാമഗ്രികൾ ഓഫീസിൽ നിന്നും നൽകുന്നതാണ്.

ഫാമിലെ തൊഴിലാളികളുടെ ജോലി സമയത്ത് (രാവിലെ 7.30 മുതൽ വൈകുന്നേരം 5 മണി വരെ) മാത്രമേ ജോലി ചെയ്യാൻ പാടുള്ളൂ. ടോയ്‌ലറ്റ്/കുളിമുറി/ഹോസ്റ്റൽ എന്നിവയുടെ എണ്ണവും വിസ്തീർണ്ണവും, വാഷ്ബേസിനുകളുടെ എണ്ണവും മറ്റും ഓഫീസിൽ വന്ന് നേരിട്ട് മനസ്സിലാക്കാവുന്നതാണ്.

മേൽപ്പറഞ്ഞ ജോലി നിർവ്വഹിക്കുന്നതിന് ഒരു ദിവസം എത്ര രൂപ പ്രതിഫലം എന്ന് ദർഘാസിൽ വ്യക്തമായി കാണിച്ചിരിക്കേണ്ടതാണ്.

ദർഘാസ് സ്വീകരിക്കപ്പെടുന്നയാൾക്ക് പ്രസ്തുത കരാറിന്മേലുള്ള പ്രതിഫലത്തിനുള്ള അവകാശത്തിന് പുറമേ സർവ്വകലാശാലയ്ക്ക് കീഴിൽ ഭാവിയിൽ യാതൊരുവിധ നിയമനത്തിനുമുള്ള അവകാശം ഉന്നയിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. ജോലി ചെയ്തതിനുള്ള പ്രതിഫലം ചെക്ക്/ഓൺലൈൻ ട്രാൻസ്ഫർ മുഖേന നൽകുന്നതായിരിക്കും.

വർഷത്തിൽ ഒരു ലക്ഷം രൂപയിൽ കൂടുതൽ പ്രതിഫലം ലഭിക്കുന്ന സാഹചര്യത്തിൽ പാൻകാർഡ് നിർബന്ധമായും എടുത്തിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉയർന്നനിരക്കിൽ നികുതി ഈടാക്കുന്നതാണ്.

മറ്റ് വിവരങ്ങൾ ഓഫീസ് പ്രവൃത്തിസമയത്ത് അന്വേഷിക്കാവുന്നതാണ്. ഫോൺ നമ്പർ : 0467 2280616 & 0467 2280358.

ഒപ്പ്
ഡോ. മിനി പി.കെ.
ഡീൻ

സ്വീകർത്താവ്

നോട്ടീസ് ബോർഡ്, കോളേജ് ഓഫീസ്/IF-1/IF-2, വെബ്സൈറ്റ്

പകർപ്പ്: ഓഫീസർ ഇൻ ചാർജ്ജ്, ഫാം IF-1/IF-2
ഫാം സൂപ്രണ്ട് IF-1
ഫാം മാനേജർ IF-2

//അംഗീകാരത്തോടുകൂടി അയക്കുന്നത്//

സെക്ഷൻ ഓഫീസർ